(സി) ഹൈക്കോടതി നർദ്ദേശിച്ച നിബന്ധനകൾ പാലിക്കാൻ സംസ്ഥാനത്തെ എല്ലാ ആർ.ടി.എ.കൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റൂൾ 158 (എ) പ്രകാരമുള്ള റിട്ടേണുകൾ എല്ലാ ബസ്സുടമകളും നൽകുന്നുണ്ടെന്നും അതിന്മേലുള്ള പരിശോധന നടത്തണമെന്നും അതിന് അധികാരപ്പെട്ട ആർ.ടി.എ.കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് വീഴ്ച വരുത്തുന്നവർക്കെതിരെ മോട്ടോർ വാഹന നിയമ പ്രകാരമുള്ള ശിക്ഷണ നടപടികൾ ബന്ധപ്പെട്ട ആർ.ടി.എ.കൾ സ്വീകരിക്കേണ്ടതാണ്. എല്ലാ റൂട്ടുകളിലും ഫെയർ സ്റ്റേജ് അളന്ന് പുനർനിർണ്ണയം ചെയ്യാൻ എല്ലാ ആർ.ടി.എ.കൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ജോലി 5-12-1999-ന് മുമ്പ് പൂർത്തിയാക്കണമെന്നാണ് ഗവൺമെന്റ് നിർദ്ദേശം നൽകിയിരുന്നത്. ഇത് സംബന്ധിച്ച് ജോലി എല്ലാ ആർ.ടി.എ.കളും ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ അത് പൂർത്തിയായിട്ടില്ല. ഇത് സംബന്ധിച്ച റിട്ട് അപ്പീലിൽ (1554/99) 2-8-1999-ൽ ബഹു:ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവും പരിശോധിച്ച് വരികയാണ്.

(ഡി) കേരള മോട്ടോർ വാഹന നിയമം 158(എ) പ്രകാരം റിട്ടേൺ സമർപ്പിക്കണമെന്ന നിർദ്ദേശം ഇതിനോടകം നടപ്പിലാക്കുകയും വീഴ്ച വരുത്തുന്നവർക്കെതിരെ നിയമ പരമായ നടപടികൾ കൈക്കൊള്ളാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഫെയർ സ്റ്റേജുകൾ പുനർ നിർണ്ണയം 5-12-1999-ൽ മുമ്പ് പൂർത്തിയാക്കണമെന്ന് 15-11-1999-ൽ ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള റിട്ട് അപ്പിലിന്മേൽ 2-8-1999-ന് ഹൈക്കോടതി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ സംബന്ധിച്ച് ഗവൺമെന്റ് നിയമ വകുപ്പുമായി ആലോചിച്ച് പരിശോധിച്ച് വരികയാണ്.

കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർ

98 (1153) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവുംവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ ഇപ്പോൾ ബസ്-തൊഴിലാളി അനുപാതം എത്രയാണ് ; കാര്യക്ഷമതയ്ക്ക് ഇതെത്രയായിരിക്കണം ;

(ബി) ചില പ്രത്യേക ഡിപ്പോകളിൽ ആവശ്യത്തിന് മെക്കാനിക്കൽ ജീവനക്കാരില്ലാതിരിക്കുകയും മറ്റു ചിലയിടങ്ങളിൽ ആവശ്യത്തിലധികം മെക്കാനിക്കൽ ജീവനക്കാരുണ്ടായിരിക്കുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കെ.എസ്.ആർ.ടി.സി.യുടെ വിവിധ തസ്തികകളിൽപ്പെട്ട ജീവനക്കാരുടെ എണ്ണം, ഓരോ ഡിപ്പോയിലും ആവശ്യത്തിനനുയോജ്യമായിരിക്കത്തക്ക വിധം റീഡിപ്ലോയ് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) താൽക്കാലിക ജീവനക്കാരുൾപ്പെടെ ഇപ്പോൾ ഒരു ബസ്സിന് 8.7 ജീവനക്കാരുണ്ട്. ഇത്രയും ജീവനക്കാരുണ്ടെങ്കിൽ മാത്രമേ സർവ്വീസുകൾ മുടക്കം കൂടാതെ നടത്തുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി.യിൽ അംഗീകരിക്കപ്പെട്ട മാനദണ്ഡം അനുസരിച്ചാണ് ഓരോ ഡിപ്പോയിലേക്കും മെക്കാനിക്കൽ വിഭാഗം ജീവനക്കാരെ നിയമിച്ചിട്ടുള്ളത്.

(സി) അംഗീകരിക്കപ്പെട്ട മാനദണ്ഡമനുസരിച്ചാണ് ഓരോ ഡിപ്പോയിലും ജീവനക്കാരെ നിയമിച്ചിട്ടുള്ളത്.

കെ.എസ്.ആർ.ടി.സി. ബസുകളിലെ വനിതാ റിസർവേഷൻ

99 (1154) ശ്രീ. എം. കെ. മുനീർ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കെ.എസ്.ആർ.ടി.സി. ബസുകളിലെ വനിതാ റിസർവേഷൻ സംബന്ധിച്ച് സർക്കുലർ അവ്യക്തമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർവീസ് തുടങ്ങുന്ന സ്റ്റേഷനിൽ നിന്നും കയറുന്ന വനിതകൾക്ക് മാത്രം 25 ശതമാനം സീറ്റുകൾ നൽകിയാൽ മതിയെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ ;

(സി) ഇടയ്ക്ക് വച്ച് കയറുന്ന വനിതകൾക്ക് റിസർവേഷന് അർഹത ഉണ്ടോ ;

(ഡി) 25 ശതമാനം സീറ്റുകൾ യാത്രയുടെ ഇടയിൽ കയറുന്ന വനിതകൾക്ക് ഒഴിഞ്ഞ് കൊടുക്കുവാൻ കണ്ടക്ടർ അഭ്യർത്ഥിക്കുന്നതിന് പകരം നിർബന്ധിതമായി ഒഴിപ്പിച്ച് നൽകണമെന്ന രീതിയിൽ സർക്കുലറിൽ മാറ്റം വരുത്തുമോ ;

(ഇ) സർക്കുലറിലെ 'അഭ്യർത്ഥിക്കണം' എന്ന ഭാഗംകൊണ്ട് എന്താണ് അർത്ഥമാകുന്നത് ;

(എഫ്) പുരുഷയാത്രക്കാർ എഴുന്നേറ്റ് മാറിയില്ലെങ്കിൽ കണ്ടക്ടർക്ക് എന്ത് നടപടി സ്വീകരിക്കുവാൻ കഴിയും എന്ന് അറിയിക്കുമോ ;

(ജി) ഇത് സംബന്ധിച്ച് യാത്രക്കാർ തമ്മിലും കണ്ടക്ടർമാരുമായും പ്രശ്നങ്ങൾ ഉണ്ടാകുന്ന കാര്യം അന്വേഷിച്ചിട്ടുണ്ടോ ;

(എച്ച്) ഹ്രസ്വദൂര ബസുകൾ എത്ര കിലോമീറ്റർ വരെ ദൂരപരിധിയുള്ളതാണ് ;

(ഐ) സർക്കുലറിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത സർക്കുലറിൽ അവ്യക്തതയില്ല.

(ബി) പ്രസ്തുത സർക്കുലറിൽ 2-ാമത്തെ ഖണ്ഡികയിൽ സിറ്റി ഓർഡിനറി, ഹ്രസ്വദൂര ഫാസ്റ്റ് എന്നീ സർവ്വീസുകളിൽ സ്ത്രീകൾക്ക് എല്ലാ അവസരത്തിലും 25 ശതമാനം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly